III ശ്രദ്ധ ക്ഷണിക്കൽ

(1) സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട നിയമനങ്ങൾ ലഭ്യമാക്കാൻ നടപടി

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഏറ്റവും പുതിയ സാമ്പത്തിക അവലോകനത്തിൽ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണം 45,22,399 ആണ്. ഈ സർക്കാർ അധികാരത്തിൽ വന്ന 2006-ൽ തൊഴിലില്ലാത്തവരുടെ എണ്ണം 36,70,000 ആയിരുന്നു. ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് നടന്ന നിയമന തട്ടിപ്പുകളുടെ കഥകൾ ഏവരെയും ഞെട്ടിപ്പിക്കുന്നതാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന നാൾമുതൽ ആരംഭിച്ചതും ഇപ്പോൾ മിക്കവാറും എല്ലാ വകുപ്പുകളിലും നിർബാധം നടന്നുകൊണ്ടിരിക്കുന്നതുമായ വഴിവിട്ട നിയമനങ്ങൾ അതിലേറെ ഗുരുതരമാണ്. രാവും പകലും വ്യത്യാസമില്ലാതെ പുസ്തകങ്ങൾ കാർന്നു തിന്ന് പി.എസ്.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ പ്രതീക്ഷകൾ അസ്ഥാനത്താക്കിക്കൊണ്ട് വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയിലും നടന്നുകൊണ്ടിരിക്കുന്ന നിയമനങ്ങൾ എല്ലാ നിയമനങ്ങളെയും ചട്ടങ്ങളെയും മാനദണ്ഡങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടാണ്. സ്വന്തക്കാർക്കും പാർട്ടിക്കാർക്കും മാത്രം പ്രയോജനം ചെയ്യുന്ന ഈ നടപടികൾ അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത്തരത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ യോഗ്യരായ അനേകായിരം വിദ്യാർത്ഥികളുടെ ഭാവിയാണ് നഷ്ടപ്പെടുത്തിയത്. അതോടൊപ്പംതന്നെ സംവരണത്തിന് അർഹരായ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും വികലാംഗർക്കും നിർബന്ധമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. സർക്കാർ വകുപ്പുകളിൽ ഒഴിവുകൾ വന്നാൽ വകുപ്പുതലവന്മാർ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പി.എസ്.സി. നിയമനത്തിന് കാലതാമസം നേരിടുമെന്ന് ബോധ്യപ്പെട്ടാൽ സർക്കാർ പ്രത്യേക ഉത്തരവിറക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് യോഗ്യതയുള്ളവരെ ഇന്റർവ്യൂ നടത്തി സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമിക്കേണ്ടത്. എന്നാൽ, ഈ നടപടിക്രമം പാലിക്കുന്നതിനുപകരം പാർട്ടിക്കാരെയും സ്വന്തക്കാരെയും സ്വാധീനമുള്ളവരെയും ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിയമിക്കുകയും പിന്നീട് അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് നടന്നുവരുന്നത്. പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് അറിഞ്ഞിട്ടുപോലും പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്ലറിക്കൽ തസ്തികയടക്കമുള്ള തസ്തികകളിലെ ഒട്ടേറെ ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നില്ല. കെ.എസ്.ഇ.ബി., കെ.എസ്.എഫ്.ഇ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നീ വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ മറച്ചുവയ്ക്കുകയാണെന്ന പരാതി ഉണ്ടായിട്ടുണ്ട്. പതിനെട്ട് വകുപ്പുകളിലേക്ക് താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ അണിയറയിൽ തകൃതിയായി നീക്കം നടക്കുന്നതായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. വൈദ്യുതി ബോർഡിൽ മുന്നൂറോളം ഒഴിവുകളുണ്ടെങ്കിലും കമ്പനിവത്ക്കരണത്തിന്റെ പേര് പറഞ്ഞ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല. കെ.എസ്.എഫ്.ഇ.-യിൽ ആയിരത്തിലധികം അസിസ്റ്റന്റുമാരുടെ തസ്തികയിൽ വിമുക്തഭടന്മാരെയാണ് താൽക്കാലികമായി നിയമിച്ചിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവിടുമ്പോൾ അറിടെ അസിസ്റ്റന്റിന്റെ 200-ലേറെ ഒഴിവുകളുണ്ടായിരുന്നു. 50 ശതമാനം ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിലും മുഴുവൻ തസ്തികയിലും കരാർ ജീവനക്കാരെയാണ് നിയമിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ പോലും താൽക്കാലിക ജീവനക്കാരെ നിയമിച്ചിരിക്കുകയാണ്. ഹൈക്കോടതി നിർദ്ദേശം മറികടന്ന് കെ.എസ്.ഇ.ബി.-യിലെ 700 പേർക്ക് വഴിവിട്ട് പ്രൊമോഷൻ നൽകിയിരിക്കുന്നു. സബ് എഞ്ചിനീയർമാരെയാണ് പ്രൊമോട്ട് ചെയ്തത്. ബഹുമാനപ്പെട്ട ഹൈക്കോടതി രൂക്ഷമായ ഭാഷയിലാണ് ഇതിനെ വിമർശിച്ചിട്ടുള്ളത്. നിയമനം കാത്തു കഴിയുന്ന അർഹരായ 96 പേർക്ക് മുൻകാല പ്രാബല്യത്തോടെ ഒരാഴ്ചയ്ക്കകം സബ് എഞ്ചിനീയർമാരായി പ്രൊമോഷൻ നൽകണമെന്ന കോടതി വിധിയും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴി സർക്കാർ സർവ്വീസിൽ നിയമനം നേടിയിട്ടുള്ളവർ നൂറിൽ താഴെയാണ്. ഈ വർഷം ആദ്യംവരെ 4873 പേരെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ലീഗൽ മെട്രോളജി തുടങ്ങിയവയിലെ നിയമനങ്ങളും പി.എസ്.സി.ക്ക് വിട്ടുവെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. ഇവിടെയും താൽക്കാലികക്കാരെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. കേരളാ യൂണിവേഴ്സിറ്റിയിലെ വിവാദമായ അസിസ്റ്റന്റ് നിയമന പ്രശ്നം നിലനിൽക്കുമ്പോൾ തന്നെ യോഗ്യതയും സംവരണ മാനദണ്ഡങ്ങളും പരിഗണിക്കാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്ക് പാർട്ടിക്കാർക്കും സ്വന്തക്കാർക്കും താൽക്കാലിക നിയമനം നൽകിയിരിക്കുകയാണ്. കോഴിക്കോട് സർവ്വകലാശാലയിലെ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള പ്രായോഗിക പരീക്ഷയിലെ ക്രമക്കേടുകളും പുറത്തുവരികയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും പി.എസ്.സി. നിയമങ്ങളും സർവ്വീസ് ചട്ടങ്ങളും കാറ്റിൽ പറത്തിയാണ് നിയമനങ്ങൾ നടത്തുന്നത്. ആസ്ഥാനകാര്യാലയമായ ഇവിടത്തെ ഒഴിവുകളിൽ എല്ലാ ജില്ലക്കാർക്കും തുല്യ അവസരം നൽകുന്ന റൊട്ടേഷൻ സമ്പ്രദായമാണ് സ്വീകരിക്കേണ്ടത്. എന്നാൽ തിരുവനന്തപുരം ജില്ലയിലുള്ളവരെ മാത്രമേ നിയമിക്കുന്നുള്ളൂ എന്നുള്ളതാണ് വസ്തുത. പുതുതായി ആരംഭിക്കുവാൻ പോകുന്നതും നവീകരിക്കുന്നതുമായ 14 പൊതു മേഖലാ സ്ഥാപനങ്ങളിലായി 1919 തസ്തികകളിൽ നിയമനം നടത്തുന്നതിന് തിരക്കിട്ട നീക്കം നടക്കുന്നതിന്റെ പിന്നിൽ വ്യക്തമായ സ്വാർത്ഥ താൽപ്പര്യങ്ങൾ ഉണ്ട്. പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങളിൽ തസ്തികകളുടെ പേര് മാറ്റിയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംവരണം അട്ടിമറിച്ചും സ്വന്തക്കാരെ നിയമിക്കാനാണ് നിയമനം പ്രത്യേക ഏജൻസിക്ക് വിട്ടതെന്ന ആക്ഷേപമുണ്ട്. ഇത്തരം നിയമനങ്ങൾക്കെതിരായി വിപ്ലവവീര്യമുള്ള യുവജന സംഘടനകൾ രംഗത്തുവരുന്നില്ല എന്നുള്ളത് വിചിത്രമായിരിക്കുന്നു. 30 ജീവനക്കാർ ജോലി ചെയ്യുന്ന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ഒൻപത് പേർ മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലിയിൽ കയറിയിട്ടുള്ളത്. ബാക്കിയുള്ളവരെല്ലാം ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമിക്കപ്പെട്ടവരാണ്. ചലച്ചിത്ര വികസന കോർപ്പറേഷനിൽ വഴിവിട്ട് നിയമിച്ച 131 പേരെ പിരിച്ചുവിട്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടും സർക്കാർ ഇതുവരെ ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പൊതുഭരണ വകുപ്പിൻകീഴിലുള്ള ന്യൂഡൽഹിയിലെ കേരളാ ഹൗസിലും 27 പേർക്ക് അനധികൃത നിയമനം നൽകി. താൽക്കാലിക നിയമനത്തിന്റെ കാര്യത്തിൽ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പങ്ക് നിർവ്വഹിച്ചിരിക്കുകയാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും നികത്തപ്പെടാത്ത ഒഴിവുകൾ ജല അതോറിറ്റിയിലും ധാരാളമുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 180 പേരും, മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ 130 പേരും ആശുപത്രി വികസന സമിതിക്കുവേണ്ടി ദിവസക്കൂലിക്ക് ജോലിചെയ്യുകയാണ്. നേരിട്ടുള്ള നിയമനമാണ് ഇവിടെയൊക്കെ നടന്നിട്ടുള്ളത്. 28-ാം തീയതി ശ്രീ. ബി. ബാബുപ്രസാദിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. പി. കെ. ഗുരുദാസൻ പുറംവാതിലിലൂടെ ആരെയും നിയമിച്ചിട്ടില്ലായെന്നും അപ്രകാരം നിയമിക്കാൻ പാടില്ലായെന്ന് മന്ത്രിസഭായോഗം വ്യക്തമായ തീരുമാനമെടുത്തിട്ടുണ്ടെന്നുമാണ് പറഞ്ഞത്. ആ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുകയും ചെയ്തു. എന്നാൽ യഥാർത്ഥത്തിൽ ഇതിന്റെയൊക്കെ നഗ്നമായ വിഘ്നമാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. ഈ സ്ഥിതിയാതൊരു സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം. താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും എത്രയും വേഗം പിരിച്ചുവിട്ട് ആ സ്ഥാനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി.-യിൽ നിന്നും വ്യക്തമായ സംവരണ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഉദ്യോഗാർത്ഥികളെ നിയമിക്കണം. പുതുതായി പി.എസ്.സി.-ക്ക് വിട്ട മുഴുവൻ തസ്തികകളിലും അടിയന്തരമായി നിയമനം നടത്തണം. നിലവിലുള്ള ഒഴിവുകൾ ഉടൻ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകണം. ഈ നടപടിയിലൂടെ സംസ്ഥാനത്തെ തൊഴിലില്ലാത്തവർക്ക് ഒരൽപ്പമെങ്കിലും ആശ്വാസം നൽകാൻ കഴിയണമെന്നാണ് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതുസംബന്ധിച്ച് കെ.എസ്.എസ്.ആർ. പ്രകാരം ഇപ്രകാരമുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിലവിൽ

നടത്തിവരുന്നു. പി.എസ്.സി. വഴി നിയമനം നടത്തേണ്ട എല്ലാ തസ്തികകളിലേക്കുമുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താതെ പി.എസ്.സി. നിയമന ശുപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾക്കുമാത്രം നിയമനം നൽകുവാൻ 7-11-2001-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുതലവന്മാർക്കും പൊതുമേഖലാ-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നടത്തേണ്ട തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്ത് വരുന്നുണ്ടെങ്കിൽ പി.എസ്.സി. മുഖാന്തിരമുള്ള ഉദ്യോഗാർത്ഥി ജോലിക്ക് റിപ്പോർട്ട് ചെയ്യുന്ന അതേ ദിവസം ദിവസവേതന ജീവനക്കാരെ പിരിച്ചുവിടേണ്ടതാണെന്ന് 19-7-2006-ലെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും പൊതുമേഖലാ-അർദ്ധസർക്കാർ-സ്വയംഭരണ സ്ഥാപന മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥിരം ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുവാൻ വിവിധ സർക്കുലറുകൾ പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും പൊതുമേഖലാ-അർദ്ധസർക്കാർ-സ്വയംഭരണസ്ഥാപനങ്ങൾ, ജില്ലാ കളക്ടർമാർ തുടങ്ങിയവർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, 2001-ലെ സർക്കുലർ പ്രകാരം ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിനും താൽക്കാലിക ജീവനക്കാരെ പി.എസ്.സി. ഹാൻഡ്സ് വരുന്ന ഉടൻതന്നെ പിരിച്ചുവിടുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. പക്ഷേ, പ്രായോഗിക തലത്തിൽ അത് നടക്കുന്നില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ ലംഘിച്ചിട്ടുള്ള വകുപ്പുമേധാവികൾക്കെതിരായും ഉദ്യോഗസ്ഥർക്കെതിരായും നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അത്തരത്തിലുള്ള പ്രത്യേകം കേസ്സുകൾ ബഹുമാനപ്പെട്ട അംഗം അറിയിച്ചാൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി

ശ്രീ. കെ. രാജു : സർ, കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന എക്കലും മണലും ചെളിയും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, സർക്കാരിന്റെ ഭാഗത്തു നിന്നും അടിയന്തരമായ നടപടി ഉണ്ടാകുന്നതിനും വേണ്ടിയാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. കേരളത്തിലെ മിക്കവാറും എല്ലാ ഡാമുകളിലും ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മഴവെള്ളം കുത്തനെ ഒലിച്ചിറങ്ങി ഡാമിൽ

LIBRARY ARCHIVES Kerala Legislative Assembly